(a) Whether joint stock banking companies working in the former Cochin area are permitted to conduct chitties,

(b) if so, the number of chitties sanctioned since integration with the total sale of the same.

(c) whether joint stock banking companies in the former Travancore area are permitted to condut chitties;

(d) if the answer to (c) is in the negative, the reason for the dfference between the two areas ?

Minister for Law, Finance and Revenue **(Sri. A. J. John):**

(a) Yes.

(b) 56 chitties of the total sale of Rs. 6,92,410—8—0.

(c) No.

(d) Banking Companies in the Travancore area are prohibited from conducting chitties under the Travancore Companies Act.

തൊഴിലാളികൾ

*ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു എത്ര തൊഴിലാളികൾ ഉണ്ട്; അതിൽ എത്ര പേർ ഫാക്ടറി തൊഴിലാളികളാണ് ;

(ബി) ചില ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതുമൂലം തൊഴിലില്ലാത്തവരായി തീർന്നിട്ടുള്ളവർ എത്ര;

(സി) തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കികൊടുക്കുന്നതിനു ഗവണ്മെണ്ടു എന്തെങ്കിലും ചെയ്യുന്നുണ്ടോ;

(ഡി) ഭവനനിർമ്മാണ പദ്ധതിയനുസരിച്ചു് എത്ര തൊഴിലാളികൾക്ക് ഭവനം ഉണ്ടാക്കി കൊടുത്തിട്ടുണ്ട് ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഈ സംസ്ഥാനത്തെ ആകെ തൊഴിലാളികളുടെ സംഖ്യയെടുത്തിട്ടില്ല. ഫാക്ടറി ആക്ട് അനുസരിച്ചു് റജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ ൧൫,൯൪൭ തൊഴിലാളികളുണ്ട്.

(ബി) ഏതു ഫാക്ടറികൾ അടച്ചതുമൂലമുള്ള തൊഴിലില്ലായ്മയെപ്പറ്റിയാണ് പറയുന്നതെന്നതു വ്യക്തമല്ലാത്തതിനാൽ ഉത്തരം നൽകാൻ നിവർത്തിയില്ല.

(സി) അടച്ച ഫാക്ടറികൾ തുറന്നും, കൂടുതൽ ഫാക്ടറികൾ സ്ഥാപിച്ചും സ്ഥാപിക്കാൻ പ്രോത്സാഹനം നല്കിയും പൊതുവെ കൃഷിവ്യവസായങ്ങളുടെ വികസനത്തിനും വേണ്ടി പ്രോത്സാഹനങ്ങൾ നല്കിയും തൊഴിലില്ലായ്മ ലഘൂകരിക്കാൻ ശ്രമം ചെയ്യുന്നുണ്ട്.

(ഡി) ആകെ ൨൨൫ തൊഴിലാളികുടുംബങ്ങൾക്കു ഭവന നിർമ്മാണ പദ്ധതിയനുസരിച്ചു ഭവനം ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. കൂടുതൽ ഭവനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

BHOOTHATHANKETTU SCHEME—INVESTIGATION OF—

*1067. [49] **Sri. N. V. Chacko:** Will the hon'ble Minister for Irrigation be pleased to state:

(a) whether the Government have any idea of starting the Bhoothathankettu flow irrigation Scheme for the taluks of Parur, Kunnatnad and Muvattupuzha; and

LIBRARY ARCHIVES Kerala Legislative Assembly